I ഇ.ബി. XIV-കേരള നിയമസഭ/XVI-15

# പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2019 നവംബർ 15, വെള്ളി

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

**I ശ്രദ്ധക്ഷണിക്കൽ**

(1) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ശ്രീ. കെ. ഡി. പ്രസേനൻ: മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് കൂലിയുൾപ്പെടെയുള്ള സൗകര്യങ്ങൾ ഏർപ്പെടുത്താൻ കേന്ദ്ര ഫണ്ട് ലഭ്യമാക്കാനും തൊഴിലാളികളുടെ വേതനം വർഷംതോറും പുതുക്കാനും പ്രതിവർഷം 250 തൊഴിൽ ദിനങ്ങൾ

നൽകാനും പ്രത്യേക ക്ഷേമനിധി രൂപീകരിക്കാനും നടപടി സ്വീകരിക്കണം. ക്ഷീര-കാർഷിക മേഖലകളിലെ പ്രവൃത്തികൾ ഈ പദ്ധതിയിലുൾപ്പെടുത്തണം. പ്രസ്തുത തൊഴിലാളികളുടെ പ്രശ്നങ്ങൾ പഠിക്കാനായി ഒരു സമിതിയെ നിയോഗിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ കൂലി നിരക്ക് ഓരോ വർഷവും കേന്ദ്ര സർക്കാരാണ് നിശ്ചയിക്കുന്നത്. തൊഴിൽ പൂർത്തിയായി 15 ദിവസത്തിനകം വേതനം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും തുക കൃത്യമായി തൊഴിലാളികളുടെ അക്കൗണ്ടിൽ ലഭ്യമാക്കുന്നതിനുള്ള ഫണ്ട് കേന്ദ്രസർക്കാരിൽനിന്ന് യഥാസമയം ലഭിക്കാറില്ല. 17-07-2019 മുതൽ 12-11-2019 വരെ അവിദഗ്ദ്ധ വേതന നിരക്ക് ഇനത്തിലുള്ള കുടിശ്ശിക 674.33 കോടി രൂപയാണ്. തൊഴിലാളികളുടെ വേതന കുടിശ്ശിക ഉടൻ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കേന്ദ്ര ഗ്രാമവികസന വകുപ്പുമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്. വേതന വർദ്ധനവ് നടപ്പിലാക്കുന്നതിനും കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിനും നെൽകൃഷി ഉൾപ്പെടെയുള്ള കാർഷിക വൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിലേറ്റെടുക്കാൻ അനുമതി

നൽകണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുന്നതാണ്.

(2) വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജ്

ശ്രീ. വി. ടി. ബൽറാം: പ്രളയംനിമിത്തം തൃത്താലയിലെ വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ഷട്ടറുകളിൽ ഒരെണ്ണം പൂർണ്ണമായി ഒലിച്ചുപോകുകയും നിരവധിയെണ്ണത്തിന് കേടുപാടുകൾ സംഭവിക്കുകയും ചെയ്തിട്ടുണ്ട്. ഷട്ടറുകൾ താഴ്ത്താൻ കഴിയാത്തത് കുടിവെള്ള പദ്ധതികളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. റിപ്പെയറിംഗിന് അടിയന്തരമായി ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. ലോകബാങ്ക് സഹായമായി ലഭിച്ച തുക പ്രസ്തുത ആവശ്യത്തിനായി വിനിയോഗിക്കണം. നബാർഡ് സഹായത്തോടെ ആരംഭിച്ച കൂട്ടക്കടവ് റെഗുലേറ്ററുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും സംരക്ഷണഭിത്തി വ്യാപിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പ്രളയത്തിൽ ഗുരുതരമായ കേടുപാടുകൾ സംഭവിച്ച വെള്ളിയാങ്കല്ല് റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമമായ ഏകോപനത്തിനുമായി ചമ്രവട്ടം സെക്ഷൻ ഓഫീസ് തൃത്താല റെഗുലേറ്ററിന്

സമീപത്തായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. റെഗുലേറ്ററിന്റെ സംഭരണശേഷി കുറയ്ക്കുന്നതും ജലത്തിന്റെ ഒഴുക്കിന് വിഘാതമാകുന്നതുമായ മണൽത്തിട്ടകൾ നീക്കം ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു പ്രോട്ടോക്കോൾ നിശ്ചയിക്കുന്നതാണ്. പുഴകളിലെ മണലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്നതിന് ഭരണാനുമതി നൽകി നടപടികൾ സ്വീകരിച്ചുവരുന്നു. ഷട്ടർ താഴ്ത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്. കൂട്ടക്കടവ് റെഗുലേറ്ററിന്റെ സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനാവശ്യമായ തുക ഉൾപ്പെടെ പ്രളയംമൂലമുണ്ടായ അധികപ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. റെഗുലേറ്ററിന്റെ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ജനപ്രതിനിധികളും ഉദ്യോഗസ്ഥരും അടങ്ങുന്ന സമിതി രൂപീകരിക്കുന്നതാണ്.

## II സബ്മിഷൻ

### (1) ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ പിന്നോക്കാവസ്ഥ

ശ്രീ. പി. ടി. തോമസ്: ലത്തീൻ കത്തോലിക്കാ സമുദായത്തിന്റെ സാമ്പത്തിക വിദ്യാഭ്യാസ പിന്നോക്കാവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കുന്നതിനായി ഒരു കമ്മീഷനെ നിയമിച്ച് പഠനം നടത്തി ആവശ്യമായ നടപടി

സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നിലവിൽ വിദ്യാഭ്യാസ മേഖലയിൽ ലത്തീൻ കത്തോലിക്കാ വിഭാഗത്തിൽപ്പെട്ടവർക്ക് പ്രൊഫഷണൽ ബിരുദകോഴ്സുകളിലെ പ്രവേശനത്തിന് ആംഗ്ലോ ഇന്ത്യൻ വിഭാഗത്തോടൊപ്പം മൂന്ന് ശതമാനം സംവരണവും ആർട്സ് ആന്റ് സയൻസ് കോഴ്സുകളിലെ പ്രവേശനത്തിനും മെഡിക്കൽ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകളിലെ പ്രവേശനത്തിനും എസ്.ഐ.യു.സി. വിഭാഗത്തോടൊപ്പം ഒരു ശതമാനം സംവരണവും അനുവദിച്ചിട്ടുണ്ട്. സർക്കാർ സർവ്വീസിൽ ലാസ്റ്റ് ഗ്രേഡ്, ലാസ്റ്റ് ഗ്രേഡ് ഇതര തസ്തികകളിൽ ആംഗ്ലോ-ഇന്ത്യൻ വിഭാഗത്തോടൊപ്പം നാല് ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. ലത്തീൻ കത്തോലിക്ക വിഭാഗത്തിന്റെ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലില്ല.

(2) ഐ.ഐ.ടി. വിദ്യാർത്ഥിനിയുടെ മരണം

ശ്രീ. എം. നൗഷാദ്: ചെന്നൈ ഐ.ഐ.ടി.-യിലെ മലയാളി വിദ്യാർത്ഥിനി ഫാത്തിമ ലത്തീഫ് ആത്മഹത്യ ചെയ്ത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടെത്തുന്നതിന് സർക്കാർ ഇടപെടണം.

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കൊല്ലം കിളികൊല്ലൂർ സ്വദേശിയും ചെന്നൈ ഐ.ഐ.ടി. വിദ്യാർത്ഥിനിയുമായ ഫാത്തിമ ലത്തീഫ് ഐ.ഐ.ടി. കാമ്പസിൽ ആത്മഹത്യ ചെയ്ത സംഭവത്തിലെ ദുരൂഹത അന്വേഷിക്കണമെന്ന് തമിഴ്നാട് പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേസന്വേഷണം ചെന്നൈ സിറ്റി പോലീസ് കമ്മീഷണറുടെ കീഴിൽ സെൻട്രൽ ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുകയും ഊർജ്ജിത അന്വേഷണം നടന്നുവരികയുമാണ്.

(3) കെ.ടി.ഡി.സി. ഹോട്ടൽ

ശ്രീ. എ. പ്രദീപ്കുമാർ: കോഴിക്കോട് വെസ്റ്റ് ഹിൽ ബീച്ചിൽ ടൂറിസം വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് കെ.ടി.ഡി.സി. ഹോട്ടൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): ഭൂമി സംബന്ധിച്ച് റവന്യൂ രേഖകൾ ലഭ്യമാകുന്നതിലുണ്ടായ കാലതാമസം പരിഹരിച്ച് നടപടിക്രമങ്ങൾ പൂർത്തിയാക്കി കെ.ടി.ഡി.സി.ക്ക് ഭൂമി കൈമാറുന്നതിനും ഹോട്ടൽ നിർമ്മാണം ആരംഭിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## III റിപ്പോർട്ടുകളുടെ സമർപ്പണം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## IV റിപ്പോർട്ട് പരിഗണന

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച കമ്മിറ്റിയുടെ അഞ്ചാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

## V അനൗദ്യോഗികാംഗങ്ങളുടെ കാര്യം

### (1) അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് പരിഗണന

അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ പതിനെട്ടാമത് റിപ്പോർട്ട് സഭ അംഗീകരിച്ചു.

(2) താഴെപ്പറയുന്ന ബില്ലുകളുടെ അവതരണാനുമതിക്കുള്ള പ്രമേയങ്ങൾ

(i) 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബിൽ

ശ്രീ. പി. ടി. തോമസ്: 2017-ലെ കേരള ദുർമന്ത്രവാദവും അന്ധവിശ്വാസ പ്രവൃത്തികളും നിരോധിക്കുന്നതിനുള്ള ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: പ്രമേയത്തെ പിന്താങ്ങുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ബില്ലിന് അനുമതി നൽകേണ്ടതില്ല.

ശ്രീ. പി. ടി. തോമസ്: സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്നവരെ അന്ധവിശ്വാസങ്ങളുടെ പേരിൽ ചൂഷണം ചെയ്യുന്ന പ്രവണത വർദ്ധിച്ചിരിക്കുകയാണ്. ബില്ലിനെ പരിപൂർണ്ണമായി നിരാകരിക്കുന്ന സർക്കാർ നിലപാട് പ്രതിഷേധാർഹമാണ്. സമൂഹത്തിലെ തെറ്റായ അനാചാരങ്ങൾക്ക് അറുതിവരുത്തുക എന്നതാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളുമായി ബന്ധപ്പെട്ട ചൂഷണങ്ങളെ പ്രതിരോധിക്കുകയും പ്രാർത്ഥനയുടെ മറവിൽ റോഡുകൾ കയ്യേറി

ഗതാഗതക്കുരുക്ക് സൃഷ്ടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം. ഈ ബിൽ ഔദ്യോഗിക ബില്ലായി അംഗീകരിക്കണം.

(ചർച്ച തുടരും)

## (ii) 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

ശ്രീ. ഐ. ബി. സതീഷ്: 2019-ലെ കേരള റസിഡൻസ് അസോസിയേഷനുകൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ദാസൻ: പ്രമേയത്തെ പിന്താങ്ങുന്നു.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നിലവിൽ സംസ്ഥാന റസിഡൻസ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യപ്പെടുന്ന നിയമങ്ങൾ ഏകോപിപ്പിച്ച് ഒരു ഏകീകൃത നിയമം നടപ്പിലാക്കുന്നതിനുവേണ്ടി കേരള സംഘ രജിസ്ട്രേഷൻ ആക്ട്, 2019 എന്ന പേരിൽ തയ്യാറാക്കി ഉത്തരവിനായി സമർപ്പിച്ചിട്ടുള്ള കരട് ബിൽ അനൗദ്യോഗിക ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്ക് അനുരോധമായിട്ടുള്ളതിനാൽ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യമില്ല.

<u>ശ്രീ. ഐ. ബി. സതീഷ്</u>: നിയമപ്രകാരമല്ലാതെ സ്ഥാപിതമായ പല റസിഡൻസ് അസോസിയേഷനുകൾക്കും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ഈ അസോസിയേഷനുകൾ ജനമൈത്രി പോലീസുമായി ബന്ധപ്പെട്ട് പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണ ഘട്ടത്തിൽ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനത്ത് തിരസ്കൃതമാകുന്ന വാർദ്ധക്യങ്ങളെ പരിഗണിക്കാനുള്ള സംവിധാനം രൂപപ്പെടുത്താനും ഗ്രാമസഭകളിൽ ജനപങ്കാളിത്തം ഉറപ്പുവരുത്താനും മാലിന്യസംസ്കരണ പ്രശ്നത്തിൽ നേതൃത്വപരമായ ഉത്തരവാദിത്വം ഏറ്റെടുക്കാനും കായികവിനോദങ്ങൾക്ക് വേദിയൊരുക്കാനും ജനങ്ങൾക്കിടയിൽ ഐക്യബോധം വളർത്തിയെടുത്ത് ആത്മഹത്യാപ്രവണത ഒഴിവാക്കാനും റസിഡൻസ് അസോസിയേഷനുകൾക്ക് കഴിയും. എന്നാൽ ഏകീകൃത സ്വഭാവമില്ലാത്തതിനാൽ പല റസിഡൻസ് അസോസിയേഷനുകൾക്കും അവരുടെ ഉത്തരവാദിത്വം നിർവ്വഹിക്കാനാകുന്നില്ല. ഈ സാഹചര്യത്തിൽ റസിഡൻസ് അസോസിയേഷനുകൾക്ക് സ്റ്റാറ്റ്യൂട്ടറി പദവി നൽകുന്നതിനായി

നിയമനിർമ്മാണം ആവശ്യമാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരുവിതാംകൂർ-കൊച്ചി-മലബാർ മേഖലകളിലെ പഴയ രജിസ്ട്രേഷൻ ആക്ടുകൾ സംയോജിപ്പിച്ച് കേരള സംഘ രജിസ്ട്രേഷൻ ആക്ട് 2019 തയ്യാറാക്കി നിയമ വകുപ്പിന്റെ അഭിപ്രായത്തിന് അയച്ചിരിക്കുകയാണ്. സംസ്ഥാനത്ത് ഒരേ നിയമത്തിന്റെ കീഴിൽ റസിഡൻസ് അസോസിയേഷനുകൾ രജിസ്റ്റർ ചെയ്യപ്പെടണമെന്ന ആവശ്യം അംഗീകരിക്കാവുന്നതാണ്.

ബിൽ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

## (iii) 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബിൽ

ശ്രീ. വി. പി. സജീന്ദ്രൻ: 2019-ലെ കേരള കാറ്ററിംഗ് തൊഴിലാളികളുടെ സുരക്ഷയും സംരക്ഷണവും ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

അസംഘടിത മേഖലയിലെ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ മറ്റ് ക്ഷേമനിധി ബോർഡുകളിൽ അംഗത്വമെടുത്തിട്ടില്ലാത്ത അസംഘടിത മേഖലയിലെ തൊഴിലാളികൾക്കും പാചകത്തൊഴിലാളികൾക്കും അംഗത്വമെടുക്കാവുന്നതാണ്. ഈ പദ്ധതിയിൽ അംഗങ്ങളാകുന്നവർക്ക് വിവിധ ആനുകൂല്യങ്ങളും 60 വയസ് പൂർത്തിയാകുമ്പോൾ പെൻഷനും ലഭിക്കും. നിലവിലുള്ള ബോർഡിൽനിന്നും ആവശ്യമായ സംരക്ഷണവും സാമ്പത്തിക ആനുകൂല്യവും ലഭിക്കുന്ന സാഹചര്യത്തിൽ പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കേണ്ട ആവശ്യമില്ലാത്തതിനാൽ ബില്ലിന് അവതരണാനുമതി നൽകേണ്ടതില്ല.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ക്ഷേമനിധി ബോർഡിൽ കാറ്ററിംഗ് തൊഴിലാളികളെ ഉൾപ്പെടുത്താത്ത സാഹചര്യത്തിൽ ഈ മേഖലയിലെ തൊഴിലാളികൾക്ക് സംരക്ഷണം നൽകാൻ പ്രത്യേക ക്ഷേമനിധി ബോർഡ് രൂപീകരിക്കണം.

(ചർച്ച തുടരും)

## (iv) 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബിൽ

ശ്രീ. അനൂപ് ജേക്കബ്: 2019-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ഭേദഗതി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. ടി. തോമസ്: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനുമായി വ്യവസ്ഥ ചെയ്യുന്ന കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടുമായി ഭേദഗതി ബില്ലിലെ പരാമർശങ്ങൾ പൊരുത്തപ്പെടാത്തതിനാൽ ബിൽ പരിഗണിക്കേണ്ടതില്ല.

ശ്രീ. അനൂപ് ജേക്കബ്: ചികിത്സാ സൗകര്യങ്ങളുടെയും സേവനങ്ങളുടെയും നിലവാരം നിർണ്ണയിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയുള്ള വ്യവസ്ഥകളാണ് കേരള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. ചികിത്സയുടെ പൂർണ്ണതയ്ക്കും

രോഗനിർണ്ണയത്തിന്റെ കൃത്യതയ്ക്കുംവേണ്ടി രണ്ടാം അഭിപ്രായം തേടാനും ബദൽ ചികിത്സാ മാർഗ്ഗങ്ങൾ സ്വീകരിക്കാനുമുള്ള രോഗിയുടെ അവകാശം വ്യവസ്ഥാപിതമാക്കുന്നതിനാണ് ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത്. ആശുപത്രികൾ ഈടാക്കുന്ന വ്യത്യസ്ത നിരക്ക് നിയമംമൂലം നിയന്ത്രിക്കുകയും ചികിത്സയ്ക്ക് കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചൂഷണത്തിൽനിന്നും രോഗികളെ സംരക്ഷിക്കുകയും ചെയ്യണം.

(ചർച്ച തുടരും)

(v) 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബിൽ

ശ്രീ. പി. ഉബൈദുള്ള: 2019-ലെ കേരള വയോജന കമ്മീഷൻ രൂപീകരണ ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: പ്രമേയത്തെ പിന്താങ്ങുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): നിയമത്തിന്റെ പിൻബലമില്ലാതെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രൂപീകൃതമാകുന്ന ഒരു കമ്മീഷന് സിവിൽ കോടതിയുടെ അധികാരങ്ങൾ നൽകാനോ ഉത്തരവുകൾ നടപ്പിലാക്കാനോ സാധിക്കാത്ത

സാഹചര്യത്തിൽ വയോജന കമ്മീഷൻ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട ബില്ലിന് പ്രസക്തിയില്ല.

<u>ശ്രീ. പി. ഉബൈദുള്ള</u>: വയോജനസംരക്ഷണത്തിനും ക്ഷേമത്തിനും നിയമപരിരക്ഷ ലഭിക്കുന്നതിനുവേണ്ടി വയോജന കമ്മീഷൻ രൂപീകരിക്കണമെന്നാണ് ബില്ലിലൂടെ ആവശ്യപ്പെടുന്നത്. വയോജനങ്ങളുടെ കഴിവുകൾ പ്രയോജനപ്രദമാക്കുന്നതിന് കൽപ്പിത സർവ്വകലാശാല മാതൃകയിലുള്ള സംവിധാനം കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. കാലികപ്രസക്തിയുള്ള വിഷയമായതിനാൽ പുനർചിന്തനം നടത്തി വയോജന കമ്മീഷൻ രൂപീകരിക്കാൻ നടപടി സ്വീകരിക്കണം. മാതാപിതാക്കളോടും അയൽവാസികളോടും സമൂഹത്തോടുമുള്ള ബാദ്ധ്യതകൾ വരുംതലമുറയെ ബോധ്യപ്പെടുത്തുംവിധമുള്ള പാഠ്യപദ്ധതി ആവിഷ്കരിക്കണം. വയോജന സംരക്ഷണാർത്ഥം ഓരോ വാർഡിലും പകൽവീടുകൾ നിർമ്മിക്കാനും വയോജനക്ഷേമത്തിന് പ്രത്യേക വകുപ്പ് രൂപീകരിക്കാനും തയ്യാറാകണം.

(ചർച്ച തുടരും)

സഭ ഉച്ചയ്ക്കുശേഷം 12.30-ന് പിരിഞ്ഞു.

* * * * *